# പതിനാലാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1260** **30.01.2018** -ലെ മറുപടിയ്ക്ക്

## ബധിര വിദ്യാർത്ഥികളുടെ ഉപരിപഠനം

*ചോദ്യം*
ശ്രീ. കെ. എൻ. എ ഖാദർ.

*ഉത്തരം*
പ്രൊഫ. സി രവീന്ദ്രനാഥ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | വിവിധ സർക്കാർ ബധിര വിദ്യാലയങ്ങളിൽ നിന്നും ഹയർ സെക്കണ്ടറി/വി.എച്ച്.എസ്.ഇ. പഠനം വിജയകരമായി പൂർത്തിയാക്കുന്ന വിദ്യാർത്ഥികൾക്ക് ഉപരിപഠനത്തിനായി സർക്കാർ കോളേജുകളിൽ പ്രത്യേക ക്വോട്ട അനുവദിച്ചിട്ടുണ്ടോ; | (എ) | ബധിരവിദ്യാർത്ഥികൾക്ക് മാത്രമായി ക്വാട്ട അനുവദിച്ചിട്ടില്ല. സർക്കാർ കോളേജുകളിൽ **5%** സംവരണം വികലാംഗർക്കായി ഏർപ്പെടുത്തിയിട്ടുണ്ട്. അതിൽ ബധിര വിദ്യാർത്ഥികളും ഉൾപ്പെടുന്നതാണ്. |
| (ബി) | ഇപ്രകാരം പ്ലസ് ടു പഠനം പൂർത്തിയാക്കുന്ന വിദ്യാർത്ഥികൾക്കുള്ള ഉപരിപഠന സാധ്യതകൾ ഏതൊക്കെയെന്ന് വിശദമാക്കുമോ; | (ബി) | കോളേജുകളിൽ ഡിഗ്രി പഠനത്തിന് അഡ്മിഷൻ നൽകുന്നുണ്ട്. |
| (സി) | ഡിഗ്രി പഠനത്തിനായുള്ള അഡ്മിഷൻ സമയത്ത് സാധാരണ വിഭാഗക്കാർക്ക് താരതമ്യേന മാർക്ക് കൂടുതലായതിനാൽ അവർക്ക് മുൻഗണന കിട്ടുകയും ബധിര വിഭാഗം വിദ്യാർത്ഥികൾ പിന്തള്ളപ്പെടുകയും ചെയ്യുന്നത് ഒഴിവാക്കാൻ വേണ്ട നടപടി സ്വീകരിക്കുമോ? | (സി) | സംവരണം ഏർപ്പെടുത്തിയതു വഴി ഇക്കാര്യം പരിഹരിക്കപ്പെട്ടിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ